# 049/2022-M

| ചോദ്യ പുസ്തക<br>അക്ഷര കോഡ് | A | ചോദ്യ പുസ്തക<br>ക്രമ നമ്പർ |
|---|---|---|

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 90 മിനിട്ട്**
**പരമാവധി മാർക്ക് : 100**

**ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ**

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമ നമ്പർ പുറംചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല. അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

DO NOT WRITE HERE

1. വയസ്സ്, പകൽ, രാത്രി, ഭക്ഷണം എന്നിവയുടെ ആദ്യഘട്ടങ്ങളിൽ പ്രബലമായിരിക്കുന്ന ദോഷം ഏത്?
   (A) വാതം (B) പിത്തം
   (C) കഫം (D) രക്തം

2. പിത്തദോഷത്തിന്റെ ആധിക്യത്തിൽ കോഷ്ഠസ്വഭാവം ഏതു പ്രകാരമായിരിക്കും?
   (A) ക്രൂരം (B) മൃദു
   (C) മദ്ധ്യം (D) സമം

3. ആറു രസങ്ങളിൽ ഏറ്റവും ബലത്തെ കുറയ്ക്കുന്നത് ഏത്?
   (A) മധുരം (B) ലവണം
   (C) തിക്തം (D) കഷായം

4. വാഗ്ഭടമതാനുസാരേണ വിപാകഭേദങ്ങളിൽ ഉൾപ്പെടാത്തവ ഏത്?
   (A) മധുരം (B) അമ്ലം
   (C) കടു (D) ലവണം

5. കഫദോഷത്തിന് ഏറ്റവും ഫലപ്രദമായ ശമനൗഷധം ഏത്?
   (A) തൈലം (B) തൈര്
   (C) നെയ്യ് (D) തേൻ

6. അഭ്യംഗം ആരിലൊക്കെ നിഷേധിച്ചിരിക്കുന്നു?
   i. കഫഗ്രസ്തൻ ii. ശോധനം കഴിഞ്ഞവൻ iii. അജീർണ്ണമുള്ളവൻ
   (A) i മാത്രം (B) i,ii മാത്രം
   (C) ii, iii മാത്രം (D) i, ii, iii

7. താഴെപ്പറയുന്ന ഏതു ഋതുവിലാണ് അർദ്ധശക്തിയിൽ വ്യായാമം നിഷേധിച്ചിരിക്കുന്നത്?
   (A) ശിശിരം (B) ഹേമന്തം
   (C) ഗ്രീഷ്മം (D) വസന്തം

8. ആദാനകാലത്തിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഋതു ഏത്?
   (A) ഹേമന്തം (B) ശിശിരം
   (C) വസന്തം (D) ഗ്രീഷ്മം

**A**

9. ധാരണീയ വേഗങ്ങളിൽ ഉൾപ്പെടാത്തവ ഏത്?

(A) ലോഭം
(B) വിശപ്പ്
(C) ഈർഷ്യ
(D) ദ്വേഷം

10. വിഷം, അഗ്നി, ക്ഷതം, ഭംഗം എന്നിവ മൂലം സംഭവിക്കുന്ന രോഗങ്ങൾ ഏതു വിഭാഗത്തിൽ പെടുന്നു.

(A) വാത രോഗങ്ങൾ
(B) ആഗന്തു രോഗങ്ങൾ
(C) പിത്ത രോഗങ്ങൾ
(D) കഫ രോഗങ്ങൾ

11. ത്രയോപസ്തംഭങ്ങളിൽ ഉൾപ്പെടാത്തത് ഏത്?

(A) ആഹാരം
(B) നിദ്ര
(C) വ്യായാമം
(D) അബ്രഹ്മചര്യം

12. വിരുദ്ധാഹാരോപയോഗം ആരിലൊക്കെ അപായകരമാകുന്നില്ല.

i. വ്യായാമശീലൻ ii. ദീപ്താഗ്നി iii. യൗവ്വനയുക്തൻ

(A) i മാത്രം
(B) ii, iii മാത്രം
(C) i, ii മാത്രം
(D) i, ii, iii

13. നിദ്രയുടെ വകഭേദങ്ങളിൽ അരൂക്ഷവും അനഭിഷ്യന്ദിയും ആയി പറയപ്പെട്ടിരിക്കുന്നത് ഏത്?

(A) അതിനിദ്ര
(B) ഉറക്കമിളപ്പ്
(C) പകലുറക്കം
(D) ഇരുന്നുറക്കം

14. ശരിയായ ജോഡി തിരഞ്ഞെടുക്കുക.

(A) അൽപദോഷം = ലംഘനപാചനം
(B) മദ്ധ്യമദോഷം = ലംഘനപാചനം
(C) പ്രഭൂതദോഷം = ലംഘനം
(D) മദ്ധ്യമദോഷം = ശോധനം

15. അശനദോഷങ്ങളിൽ സമശനം എന്നാൽ-

(A) പത്ഥ്യവും അപത്ഥ്യവും കലർത്തി ശീലിക്കൽ
(B) കാലം തെറ്റിയുള്ള ഭക്ഷണസേവ
(C) അളവ് തെറ്റിയുള്ള ഭക്ഷണസേവ
(D) ജീർണ്ണലക്ഷണം കാണാതെയുള്ള ഭക്ഷണസേവ

16. ഇവയിൽ നിത്യം ശീലിക്കുവാൻ പാടില്ലാത്ത ഭക്ഷ്യവസ്തു ഏത്?
    (A) ഗോതമ്പ്
    (B) ഉഴുന്ന്
    (C) ചെറുപയർ
    (D) ഞവരയരി

17. സ്ഥൂലനിൽ സാമാന്യമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള അനുപാനം ഏത്?
    (A) തൈലം
    (B) തേൻവെള്ളം
    (C) നെയ്യ്
    (D) തൈര്

18. ദ്രവ്യത്തിൽ രസാദികൾ തുല്യമായിരിക്കുമ്പോൾ വിശിഷ്ട കർമ്മത്തിന് ഹേതുവായിത്തീരുന്ന ഘടകം -
    (A) പ്രഭാവം
    (B) വീര്യം
    (C) ഗുണം
    (D) വിപാകം

19. ശരിയായ ജോഡി തിരഞ്ഞെടുക്കുക.
    (A) രക്തം - പ്രീണനം
    (B) രസം - ജീവനം
    (C) മേദസ്സ് - ലേപനം
    (D) മേദസ്സ് - സ്നേഹനം

20. പിത്തദോഷവുമായി ആശ്രയാശ്രയി സംബന്ധം ഉള്ള ഘടകം ഏത്?
    (A) രസം
    (B) മാംസം
    (C) മേദസ്സ്
    (D) സ്വേദം

21. പിത്തത്തിന്റെയും കഫത്തിന്റെയും വിശേഷസ്ഥാനമായി പറയപ്പെട്ടിട്ടുള്ള ധാതു ഏത്?
    (A) രക്തം
    (B) രസം
    (C) മാംസം
    (D) മേദസ്സ്

22. ആമാശയത്തിൽ സ്ഥിതിചെയ്ത് ദഹനത്തെ സഹായിക്കുന്ന കഫദോഷത്തിന്റെ അംശം ഏത്?
    (A) അവലംബകം
    (B) ക്ലേദകം
    (C) ബോധകം
    (D) തർപ്പകം

23. പഞ്ചകർമ്മങ്ങളിൽ ഉൾപ്പെടാത്ത കർമ്മം ഏത്?
    (A) വമനം
    (B) വിരേചനം
    (C) നസ്യം
    (D) രക്തമോക്ഷണം

24. വിഷം, ഛർദ്ദി, എക്കിട്ടം, കാസം എന്നിവയിൽ ഔഷധം സാമാന്യമായി ഏത് കാലത്തിലാണ് നിർദ്ദേശിച്ചിരിക്കുന്നത്?
   (A) സാമുദ്ഗം
   (B) നിശി
   (C) മുഹു: മുഹു:
   (D) അനന്നം

25. സമ്യക് ലംഘിത ലക്ഷണങ്ങളിൽ ഉൾപ്പെടാത്തത് ഏത്?
   (A) വിമലേന്ദ്രിയത്വം
   (B) മലോത്സർഗ്ഗം
   (C) അരുചി
   (D) ലാഘവം

26. Shelf life of Avaleha preparation
   (A) 6 months
   (B) 12 months
   (C) 7 months
   (D) 24 months

27. For which kalpana kwatha is subjected to fermentation?
   (A) Thaila
   (B) Ghritha
   (C) Arishta
   (D) Choorna

28. The Bhoota predominance of Madhura Rasa
   (A) Prithvi
   (B) Jala
   (C) Both
   (D) None

29. Number of pittaja prameha
   (A) 4
   (B) 6
   (C) 8
   (D) 10

30. Ratio of drug and water in Pancha Kashaya Kalpana is
   (A) 1:4
   (B) 1:6
   (C) 1:8
   (D) 1:2

31. Branch of scientific study dealing with dosage
   (A) Pharmacology
   (B) Posology
   (C) Pharmacodynamics
   (D) Pharmacokinetics

32. In Swarasa Kalpana _______ gram of Kshara should be taken as Anupana
   (A) 5 gram
   (B) 6 gram
   (C) 7 gram
   (D) 8 gram

33. Vipaka of Amla Rasa is
   (A) Amla
   (B) Madhura
   (C) Lavana
   (D) Katu

34. 'Liptha thikthasyatha' is the lakshana of
(A) Kapha vatha jwara (B) Kapha pitha jwara
(C) Vatha pitha jwara (D) None

35. Administration of drug at beginning and end of the meal is known as
(A) Samudga (B) Muhur muhu
(C) Anthara bhaktha (D) Grasanthara

36. Swasa Roga which is Yapya is
(A) Chinna swasam (B) Kshudraka swasam
(C) Maha swasa (D) Thamaka swasam

37. Vasha possess ________ Veerya
(A) Ushna (B) Sheetha
(C) Anushna (D) None

38. Which vayu is vitiated in Udara Roga?
(A) Prana (B) Udana
(C) Vyana (D) Prana & Apana

39. Best pharmaceutical form of Arjuna to cure Hridroga is _______ Kalpana
(A) Kalka (B) Swarasa
(C) Ksheera Paka (D) Kashaya

40. Types of Athisara
(A) 4 (B) 5
(C) 6 (D) 7

41. The quantity of honey should be added as Prakshepa dravya in Kalka is
(A) Equal to Kalka (B) Double to Kalka
(C) Half to Kalka (D) Triple to Kalka

42. Common drug in Vyosha and Panchakola
(A) Pippali (B) Pippalimoola
(C) Chavya (D) Nagara

43. Vatha Valasa is the synonym of
(A) Vathaja prameha (B) Vathaja kasa
(C) Vathasonitha (D) Vathaja athisara

44. If useful part of a plant is not mentioned in the yogam, then
(A) Root is used
(B) Whole plant is used
(C) Leaf is used
(D) Stem bark is used

45. The wet herbs in comparison to dry herbs should be taken
(A) Same quantity
(B) Half quantity
(C) Double quantity
(D) Triple quantity

46. Bhaishajya kala according to Sarangdhara Samhitha
(A) 5
(B) 4
(C) 2
(D) 3

47. Dose of Putapaka swarasa
(A) 2 pala
(B) 1/2 pala
(C) 1 pala
(D) 1 1/2 pala

48. Pama Kushta is seen in
(A) Pani
(B) Koorpara
(C) Both
(D) None

49. Avapa is the synonym of
(A) Choorna
(B) Kwatha
(C) Swarasa
(D) Kalka

50. The Lakshana Hridaya spandana is seen as a Poorva roopa in
(A) Swasa
(B) Raktha pitha
(C) Jwaram
(D) Pandu

51. താഴെ പറയുന്നവയിൽ സന്തർപ്പന്ന ചികിത്സ ഏതാണ്?
(A) സ്തംഭനം
(B) ലംഘനം
(C) രൂക്ഷണം
(D) ഇവയിൽ ഒന്നുമല്ല

52. കൃമിരോഗ ചികിത്സാ സിദ്ധാന്തത്തിൽ ഉൾപ്പെടുന്നത് ഏത്?
(A) അപകർഷണം
(B) പ്രകൃതി വിഘാതം
(C) നിദാന പരിവർജ്ജനം
(D) ഇവ എല്ലാം

53. ശാർങ്ങധരാചാര്യന്റെ അഭിപ്രായത്തിൽ ഒന്നാം മാസത്തിൽ ബാലന് ഔഷധം നൽകേണ്ട മാത്ര

(A) 1 രത്തി
(B) 2 രത്തി
(C) 12 രത്തി
(D) 2 മാഷം

54. ഗർഭിണിയ്ക്ക് 'മധുരൗഷധസിദ്ധ ക്ഷീരസർപ്പി' നിർദ്ദേശിച്ചിട്ടുള്ള ഗർഭകാലം ഏതാണ്?

(A) അഞ്ചാം മാസം
(B) ആറാം മാസം
(C) ഏഴാം മാസം
(D) B യും C യും

55. പ്രസവത്തിന്റെ മൂന്നാം ഘട്ടത്തിന്റെ (3rd stage of labour) കാലാവധി എത്രയാണ്?

(A) 1 മണിക്കൂർ
(B) 2 മണിക്കൂർ
(C) 15 മിനിട്ട്
(D) 45 മിനിട്ട്

56. 'സാധനം' താഴെ പറയുന്നവയിൽ ഏതിന്റെ പര്യായപദമാണ്?

(A) രോഗം
(B) ചികിത്സ
(C) പ്രകൃതി
(D) പരിചാരകൻ

57. 'വിരേചനം' ഏത് ദോഷത്തിന്റെ പ്രധാന ചികിത്സയാണ്?

(A) വാതം
(B) പിത്തം
(C) കഫം
(D) ഇവയെല്ലാം

58. 'പ്രതിമർശ നസ്യ'ത്തിന്റെ മാത്ര എത്രയാണ്?

(A) 1 ബിന്ദു
(B) 2 ബിന്ദു
(C) 3 ബിന്ദു
(D) 4 ബിന്ദു

59. ഷഡംഗപാനീയം നിർദ്ദേശിച്ചിരിക്കുന്നത് ഏത് രോഗത്തിന്റെ ചികിത്സയിലാണ്?

(A) ജ്വരം
(B) പിപാസ
(C) അതിസാരം
(D) A യും B യും

60. കശ്യപസംഹിതയിൽ നവജാതശിശുവിന്റെ ഔഷധമാത്ര

(A) കോലം
(B) വിഡംഗം
(C) മാഷം
(D) ശാണം

61. 'പെർണിഷ്യസ് അനീമിയ' (Pernicious Anemia) താഴെ പറയുന്നവയിൽ ഏത് ഘടകത്തിന്റെ അഭാവത്താലാണ് ഉണ്ടാകുന്നത്?

(A) അയേൺ (iron)

(B) വിറ്റാമിൻ $B_{12}$

(C) ഫോളിക് ആസിഡ്

(D) ഇൻട്രിൻസിക് ഫാക്റ്റർ (intrinsic factor)

62. ഒരു വയസ്സായ കുഞ്ഞിന്റെ പൾസ് നിരക്ക് എത്രയായിരിക്കും?

(A) 100 / min (B) 80/ min

(C) 120/ min (D) 110/ min

63. 'അഭ്യംഗം' നിഷിദ്ധമായ രോഗാവസ്ഥകൾ ഏതാണ്?

(A) കഫാധിക്യം (B) അജീർണ്ണം

(C) Aയും Bയും (D) ഇവയിൽ ഒന്നുമല്ല

64. 'കഷായ വസ്തി' ചികിത്സയിൽ വസ്തിദ്രവ്യം പുറത്തുവരാനുള്ള കൂടിയ സമയം.

(A) ½ മുഹൂർത്തം (B) 1 മുഹൂർത്തം

(C) 1½ മുഹൂർത്തം (D) 2 മുഹൂർത്തം

65. ഗർഭിണിയിൽ കഷായവസ്തി ചെയ്യാവുന്ന ഗർഭകാലം

(A) അഞ്ചാം മാസം (B) ആറാം മാസം

(C) ഏഴാം മാസം (D) എട്ടാം മാസം

66. ആർത്തവചക്രത്തിൽ ലൂട്ടിയൽ ഫേസിൽ (Luteal Phase) ഉല്പാദിപ്പിക്കപ്പെടുന്ന പ്രധാന ഹോർമോൺ ഏതാണ്?

(A) ഈസ്ട്രജൻ (B) പ്രൊജസ്റ്റിറോൺ

(C) ഇൻഹിബിൻ (D) പ്രൊലാക്റ്റിൻ

67. ഗർഭാശയ സ്ഥാനഭ്രംശത്തിൽ (Uterine Prolapse)ൽ ചെയ്യാവുന്ന സ്ഥാനിക ചികിത്സ ഏതൊക്കെയാണ്?

(A) യോനി പിചു (B) വേശവാരം

(C) യോനി വർത്തി (D) ഇവയെല്ലാം

68. ഷഡുപക്രമങ്ങളിൽ ഉൾപെടാത്തത് ഏതാണ്?

(A) ലംഘനം
(B) സ്തംഭനം
(C) സംസർജ്ജനം
(D) സ്നേഹനം

69. സാധാരണയായി ആർത്തവചക്രത്തിന്റെ ഫൊള്ളിക്കുലാർ ഫേസിന്റെ (Follicular Phase) ന്റെ കാലയളവ് എത്രയാണ്?

(A) 5 ദിവസം
(B) 10 ദിവസം
(C) 14 ദിവസം
(D) 28 ദിവസം

70. താഴെ പറയുന്നവയിൽ 'സൂതിക പരിചര്യ'യിൽ പ്രതിപാദിച്ചിട്ടുള്ള ഔഷധം ഏതാണ്?

(A) വിദാര്യാദി ക്ഷീരയവാഗു
(B) പഞ്ചകോലചൂർണ്ണം
(C) ഇവ രണ്ടും
(D) ഇവയൊന്നുമല്ല

71. ലാഭോപായോ ഹി ശസ്താനാം രസാദീനാം -

(A) വൃഷ്യം
(B) വയസ്ഥാപനം
(C) പഥ്യം
(D) രസായനം

72. 'ദോഷാപസേചനം' ചെയ്യേണ്ടത് എപ്പോൾ?

(A) അല്പദോഷ കോപം
(B) ബഹുദോഷ കോപം
(C) ആവരണ ദോഷം
(D) ധാതുഗത ദോഷം

73. 'തക്രം' 'മധു' ഇവ ഉപയോഗിക്കുന്നത് ഏത് തരം ചികിത്സയിലാണ്?

(A) സ്നേഹനം
(B) രൂക്ഷണം
(C) സ്തംഭനം
(D) അനുലോമനം

74. 'രുജ' എന്ന ലക്ഷണം ഉണ്ടാക്കുന്ന പ്രധാന ദോഷം ഏതാണ്?

(A) വാതം
(B) പിത്തം
(C) കഫം
(D) രക്തം

75. 'മുതിർന്നവരുടെ

$$\frac{\text{ഡോസ്} \times \text{വയസ്സ്' (Adult dose)}}{\text{വയസ്സ്} + 12}$$ ഇത് ഏത്

ഔഷധമാത്രാനിർദ്ദേശത്തിന്റെ സൂത്രവാക്യം (formula) ആണ്?

(A) യങ്ങ്സ് (Young's)
(B) കൗളിംഗ് (Cowling's)
(C) ഡില്ലിങ്ങ്സ് (Dilling's)
(D) ഇവയൊന്നുമല്ല

76. സുശ്രുതസംഹിത അഗ്രോപഹരണീയം അദ്ധ്യായത്തിൽ പറയുന്ന ത്രിവിധ കർമ്മത്തിൽ ഉൾപ്പെടുന്നത് ഏത്?

(A) നസ്യ കർമ്മം
(B) അഗ്നി കർമ്മം
(C) പൂർവ്വ കർമ്മം
(D) സ്വേദ കർമ്മം

77. ശസ്ത്രം കൊണ്ട് ചെയ്യുന്ന രക്തമോക്ഷ ചികിത്സ താഴെ പറയുന്നതിൽ ഏതൊക്കെ?
i. ജളുകാവചരണം ii. അലാബു iii. സിരാവേധം iv. പ്രച്ഛാനം

(A) i and ii
(B) iii and iv
(C) ii and iv
(D) ii and iii

78. രോഗം വീണ്ടും വരാതിരിക്കുവാൻ ശസ്ത്രത്തേക്കാളും മരുന്നുകളേക്കാളും ഉത്തമമായത് ഏതെന്നാണ് സുശ്രുതന്റെ അഭിപ്രായം.

(A) അഗ്നികർമ്മം
(B) ക്ഷാരസൂത്രം
(C) പഞ്ചകർമ്മം
(D) ക്ഷാരകർമ്മം

79. വ്രണം കെട്ടിയതിന് ശേഷം അണുബാധ തടയുവാൻ സുശ്രുതൻ എന്ത് ഉപാധിയാണ് പറയുന്നത്?

(A) മന്ത്രചികിത്സ
(B) ലേപനം
(C) ക്ഷാളനം
(D) ധൂപനം

80. തോളെല്ലിന് ക്ഷതം വരുമ്പോൾ ഏത് രീതിയിൽ ഉള്ള ബന്ധനം (ബാൻഡേജ്) ആണ് പ്രയോഗിക്കേണ്ടത്?

(A) സ്വസ്തികം
(B) യമകം
(C) ചീനം
(D) സ്ഥഗികം

81. ''വിമ്ലാപനം'' (ഉടച്ച് കളയുന്നത്) എന്ന ചികിത്സാരീതി ഏത് വിഭാഗത്തിലാണ് ഉൾപ്പെടുന്നത്?

(A) വ്യണത്തിലെ ഏകദശ ഉപക്രമം
(B) വ്യണത്തിലെ ഷഷ്ഠി ഉപക്രമം
(C) വ്യണശോഫത്തിലെ സപ്ത ഉപക്രമം
(D) മേൽപറഞ്ഞത് എല്ലാം

82. ശരീരത്തിന്റെ ഏത് അവയവത്തിലാണ് 'മണ്ഡലം' രീതിയിലുള്ള ബന്ധനം ചെയ്യേണ്ടത്?

(A) ചെവി
(B) തുട
(C) വിരൽ
(D) തല

83. ദിവസത്തിൽ രണ്ട് പ്രാവശ്യം ബാൻഡേജ് മാറ്റി കെട്ടേണ്ട അവസ്ഥ താഴെ പറയുന്നവയിൽ നിന്ന് തിരഞ്ഞെടുക്കുക.

(A) പിത്ത ദുഷ്ടിയുള്ള രോഗിയിൽ ഹേമന്ത കാലത്ത്
(B) കഫ ദുഷ്ടിയുള്ള രോഗിയിൽ വസന്ത കാലത്ത്
(C) പിത്ത ദുഷ്ടിയുള്ള രോഗിയിൽ വസന്ത കാലത്ത്
(D) പിത്ത ദുഷ്ടിയുള്ള രോഗിയിൽ ഗ്രീഷ്മകാലത്ത്

84. ക്ഷാരസൂത്രം ഉണ്ടാക്കുന്നതിന് താഴെ പറയുന്നവയിൽ ഏതാണ് ആവശ്യമില്ലാത്തത്?

(A) മഞ്ഞൾപൊടി
(B) ആട്ടിൻപാൽ
(C) കള്ളിപ്പാൽ
(D) ചെറുകടലാടി ഭസ്മം

85. സിരാവേധം ചെയ്യാൻ ഏത് ശസ്ത്രമാണ് ഉപയോഗിക്കേണ്ടത്?

(A) കുഠാരിക
(B) കരപത്ര
(C) വൃദ്ധിപത്ര
(D) ആര

86. താഴെ പറയുന്നവയിൽ അർശസ്സിന്റെ ശസ്ത്രക്രിയക്ക് മുമ്പ് ചെയ്യാൻ പാടില്ലാത്തത് ഏത്?

(A) വയറ് നിറയെ ഭക്ഷണം കഴിക്കുക
(B) വയറിളക്കുക
(C) മലദ്വാരത്തിന്റെ ചുറ്റ്ഭാഗം വൃത്തിയാക്കുക
(D) മേൽപറഞ്ഞത് എല്ലാം

87. ശസ്ത്രക്രിയക്ക് ശേഷം ശ്രദ്ധിക്കേണ്ടതില്ലാത്തത് ഏതെന്ന് കണ്ടെത്തുക.
(A) രോഗിയെ സമാശ്വസിപ്പിക്കുക
(B) ദ്രായാദി കഷായം കുടിക്കുവാൻ കൊടുക്കുക
(C) പിചു അല്ലെങ്കിൽ വർത്തി വെക്കുക
(D) ഇതൊന്നുമല്ല

88. പ്രച്ഛാനം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ടതിൽ ശരിയായത് ഏത്?
(A) മുകളിൽ നിന്ന് താഴോട്ട് ചെയ്യുക
(B) ചെയ്തതിന് മുകളിൽ വീണ്ടും ചെയ്യുക
(C) താഴെ നിന്നും മുകളിലോട്ട് ചെയ്യുക
(D) അധികം ആഴത്തിൽ ചെയ്യുക.

89. താഴെ പറയുന്നവയിൽ ശലാകാ യന്ത്രത്തെ പറ്റി സത്യമായത് എഴുതുക.
(A) കണ്ണിൽ അഞ്ജനം എഴുതാൻ ഉപയോഗിക്കുന്നു
(B) നാസാർശ്ശസ്സിൽ മൂക്കിൽ ക്ഷാരം വെക്കുവാൻ ഉപയോഗിക്കുന്നു
(C) അർശ്ശസ്സിൽ, മലദ്വാരത്തിൽ ക്ഷാരം വെക്കുവാൻ ഉപയോഗിക്കുന്നു
(D) മേൽപറഞ്ഞവ എല്ലാം.

90. കണ്ണിൽ പ്രയോഗിക്കുന്ന ചികിത്സാ കർമ്മത്തിൽ പെടാത്തത് ഏത്?
(A) ബിഡാലകം (B) തർപ്പണം
(C) മൂർദ്ധതൈലം (D) പിണ്ഡി

91. ആശ്ച്യോതനം എന്ന ചികിത്സയെക്കുറിച്ച് ശരിയായത് ഏത്?
(A) അഞ്ജനത്തിന് മുൻപേ ചെയ്യുന്നു (B) അഞ്ജനത്തിന് ശേഷം ചെയ്യുന്നു.
(C) ചെവിയിൽ ചെയ്യുന്ന കർമ്മം ആണ് (D) നസ്യത്തിന് ശേഷം ചെയ്യുന്നു.

92. കണ്ണിന്റെ ചികിത്സയിലും സർവ്വദേഹ ചികിത്സയിലും ഒരേപോലെ ചെയ്യാവുന്ന അനുശല്യ ചികിത്സാരീതി തിരഞ്ഞെടുക്കുക.
(A) ജളൂകാവചരണം (B) പ്രച്ഛാനം
(C) അഗ്നികർമ്മം (D) ഇവയെല്ലാം

93. മർശം, പ്രതിമർശം എന്ന് വിഭജിച്ചിരിക്കുന്നത് ഏത് ക്രിയാകർമ്മത്തെയാണ്?
(A) അഞ്ജനം (B) നസ്യം
(C) ധൂമപാനം (D) വസ്തി

94. ചെവിയിൽ ചെയ്യുന്ന ചികിത്സാരീതി താഴെ പറയുന്നവയിൽ നിന്ന് തിരഞ്ഞെടുക്കുക.
(A) കർണ്ണ പൂരണം
(B) തർപ്പണം
(C) പുടപാകം
(D) ഇവയെല്ലാം

95. പ്രായോഗിക ധൂമപാനം ചെയ്യുന്ന കാലങ്ങൾ തിരഞ്ഞെടുത്ത് എഴുതുക.
(A) കുളിച്ചതിന് ശേഷം
(B) ആഹാരത്തിന് ശേഷം
(C) ഉപവാസത്തിന് ശേഷം
(D) ഇവയെല്ലാം

96. തർപ്പണം ചെയ്യുന്നതിനായി കൺകൂടിന് ചുറ്റും എത്ര ഉയരത്തിൽ ഉഴുന്ന് മാവ് കൊണ്ട് തടയുണ്ടാക്കണം?
(A) 1.5 അംഗുലം
(B) 1 അംഗുലം
(C) 2 അംഗുലം
(D) 2.5 അംഗുലം

97. കെട്ടുന്ന സമയത്ത് ആവശ്യത്തിന് മർദ്ദം കൊടുക്കുകയും എന്നാൽ വേദന ഉണ്ടാക്കാത്തതുമായ ബന്ധന വിശേഷം ഏതാണ്?
(A) സമം
(B) ഗാഢം
(C) ശിഥിലം
(D) ഇവയൊന്നുമല്ല

98. താഴെ പറയുന്നതിൽ ഏതാണ് അഞ്ജനം ചെയ്യുന്നതിനുള്ള ശലാക ആയി ഉപയോഗിക്കാത്തത്
(A) വിരൽ
(B) വെള്ളി
(C) ഇരുമ്പ്
(D) ഓട്

99. പുടപാക വിധി കണ്ണിൽ ചെയ്തതിന് ശേഷം വിധിക്കുന്ന പശ്ചാത് കർമ്മം ഏത്?
(A) മുല്ലപ്പൂവും പിച്ചകപ്പൂവും കൊണ്ട് കണ്ണ് കെട്ടി രാത്രി കിടക്കുക.
(B) നസ്യം ചെയ്യുക
(C) നനഞ്ഞ തുണി കണ്ണിൽ വെച്ച് രാത്രി കിടക്കുക
(D) പ്രകാശത്തിലേക്ക് നോക്കിയിരിക്കുക.

100. ഓപ്പറേഷൻ തിയേറ്ററിൽ ഉപകരണങ്ങൾ അണുവിമുക്തമാക്കുന്നതിന് ഉള്ള സംവിധാനം എന്ത്?
(A) പൾസ് ഓക്സീമീറ്റർ
(B) അൾട്രാസോണിക് മെഷീൻ
(C) ഓട്ടോക്ലേവ്
(D) സക്ഷൻ അപ്പാരറ്റസ്

A

SPACE FOR ROUGH WORK